# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.848** **30.11.2018-ൽ മറുപടിയ്ക്ക്**

### അംബേദ്കർ ഭവനിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം

**ചോദ്യം:**

**ശ്രീ.പി.സി.ജോർജ്**

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ മണ്ണന്തലയിൽ സ്ഥാപിച്ച അംബേദ്കർ ഭവനിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം എന്ന് മുതൽ പ്രവർത്തനം തുടങ്ങി; നാളിതുവരെ എത്ര വിദ്യാർത്ഥികൾ പഠിച്ചു കഴിഞ്ഞു; അതിൽ അഖിലേന്ത്യാ നിലവാരത്തിലുള്ള ഉദ്യോഗസ്ഥ തസ്തികകളിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു; വ്യക്തമാക്കാമോ;

**മറുപടി:**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ 1989 ലാണ് സിവിൽ സർവ്വീസ് പരിശീലനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. ഈ സ്ഥാപനം 2016 മുതൽ മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 850 ഓളം വിദ്യാർത്ഥികൾക്ക് ICSETS ൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസിൽ പ്രവേശിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി.കെ. പ്രശാന്ത് | IRS |
| 2 | 2003 | കെ. സേതുരാമൻ | IPS |
| 3 | 2003 | അനിൽകുമാർ | IRTS |
| 4 | 2004 | കെ.കെ. സുജ | IRTS |
| 5 | 2005 | സജ്ഞ സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ.എസ് | IFOS |
| 8 | 2010 | വിസ്മിജ്ഞ വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ ടി.ആർ. | IFS |
| 10 | 2012 | ഡോ. ലില്ലി ജി | IFS |
| 11 | 2016 | മിഥുൻ വി സോമരാജ് (2010-11 ബാച്ച്) | IRTS |
| 12 | 2016 | വിജീഷ് കുമാർ ടി.ജി (2007-08 ബാച്ച്) | IRS (Central Excise & Customs) |

| | | | |
|---|---|---|---|
| (ബി) | സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇല്ല.<br>പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനത്തിൽ 2017-18 വരെ പ്രതിവർഷം 30 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വന്നിരുന്നു. 17/05/2018 ലെ സ.ഉ.(കൈ) നം.36/2018/പജപവവിവ പ്രകാരം, സർക്കാരിന്റെ തന്നെ സംരംഭമായ, സിവിൽ സർവ്വീസസ് അക്കാഡമി വഴി പ്രവേശനപരീക്ഷയിലൂടെ പ്രവേശനം നൽകി, മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നല്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. 300 ൽപരം വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യത്തിനു പുറമേ, പോക്കറ്റ്മണി, ഹോസ്റ്റൽ ഫീ, സ്റ്റൈപന്റ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നു. മുൻപ് നാമമാത്രമായി പ്രതിവർഷം സിവിൽ സർവ്വീസ് പ്രവേശന പരീക്ഷയ്ക്ക് ട്രെയിനിംഗ് നൽകിയ രീതിയ്ക്ക് പകരം, ഒറ്റ വർഷം 300 കുട്ടികൾക്ക് ട്രെയിനിംഗ് നൽകുന്ന ബൃഹത്തായ പദ്ധതിയാണ് ICSETS ൽ സിവിൽ സർവ്വീസ് അക്കാദമി വഴി നടത്തുന്നത്.<br>ICSETS എന്ന സ്ഥാപനം ഇപ്പോഴും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. |
| (സി) | പ്രസ്തുത പരിശീലന കേന്ദ്രത്തിന് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടെങ്കിൽ എന്ന് മുതൽ എന്നും വിശദമാക്കാമോ? | (സി) | പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് ട്രെയിനിംഗ് സൊസൈറ്റിക്ക് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**